"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.രാജീവ്.പി.പി ഫയൽ ചെയ്ത WP(C) No. 7146/2024 നമ്പർ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 26.2.2024 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.177/2025/GEDN തീയതി,തിരുവനന്തപുരം, 07-01-2025

പരാമർശം:-

1. പാലക്കാട്, പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.രാജീവ്.പി.പി സർക്കാരിൽ സമർപ്പിച്ച 30/12/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P7).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 7146/2024 നമ്പരുള്ള 26.2.2024 തീയതി വിധിന്യായം.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/10/2024 തീയതിയിലെ AEOTRL/46/2024-Cനമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/10/2024 തീയതിയിലെ വിഎ5/1897/2024/DGE നമ്പർ കത്ത്.
5. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/10/2024 തീയതിയിലെ DEOOTP/B4/2714/2024നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട്, പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.രാജീവ്.പി.പി ഫയൽ ചെയ്ത WP(C) No. 7146/2024 നമ്പർ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P7) പുന പരിശോധനാ ഹർജി ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും 30.10.2024-ൽ ഗ്രൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടു.

2. **ഹർജിക്കാരന്റെ വാദങ്ങൾ ചുരുക്കത്തിൽ താഴെ കൊടുക്കുന്നു.**

1.10.1997-ലാണ് പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിൽ എൽ.പി.എസ്.ടി ആയി ചേർന്നത്. എന്റെ വിരമിക്കൽ തീയതി 31.5.2026 ആണ്. സർവ്വീസ് 20 വർഷം തികയുന്ന 30.9.2017-ന് മുമ്പായി തന്നെ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുന്നതിനായി പലവിധ സമ്മർദ്ദങ്ങളും

എന്റെ മേൽ ഉണ്ടായിരുന്നു. മാനേജരുടെയും സഹപ്രവർത്തകരിൽ ചിലരുടെയും നിക്ഷിപ്ത താൽപര്യങ്ങൾക്ക് എന്റെ സ്വമേധയ വിരമിക്കൽ ആവശ്യമായിരുന്നു. ടി ആവശ്യത്തിനായി 2017 മുതൽക്കെ എനിക്ക് പലവിധ മാനസിക സമ്മർദ്ദങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. പലരിൽ നിന്നും നിസ്സാരകാര്യത്തിന് പരാതികൾ എഴുതി വാങ്ങി അത് പർവ്വതീകരിച്ച് അച്ചടക്ക നടപടികൾക്ക് വിധേയനാക്കി 27.3.2017-ന് വേലവിലക്ക് ഏർപ്പെടുത്തി. വേലവിലക്ക് ഉത്തരവിൽ വേലവിലക്ക് കാലഘട്ടത്തിൽ കേരള സർവ്വീസ് റൂൾ പ്രകാരമുള്ള ഉപജീവനബത്ത ലഭിക്കാൻ അർഹതയുണ്ടെന്ന് ഉത്തരവുണ്ടായിരുന്നതാണ്. എന്നാൽ ചട്ടപ്രകാരം 3 മാസത്തിനുശേഷം ഉപജീവനബത്ത 75% ആക്കി ഉയർത്തുന്നതിന് 1.12.2018 തീയതി പ്രധാന അദ്ധ്യാപികയ്ക്കും, മാനേജർക്കും രജിസ്റ്റേഡ് കത്ത് മുഖേന അപേക്ഷ നൽകിയിരുന്നതാണ്. ആയത് ടിയാൾ കൈപ്പറ്റി അക്നോളജ്മെന്റ് കാർഡ് തിരികെ ലഭിച്ചിട്ടുള്ളതുമാണ്. കൂടാതെ അപേക്ഷകന്റെ ഭാര്യ 2017 ഡിസംബർ മാസത്തിൽ ക്യാൻസർ സംബന്ധമായ ചികിത്സക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നത് കാണിച്ച് ഉപജീവനബത്ത ചട്ടപ്രകാരം 100% ആയി ഉയർത്തി ലഭിക്കണമെന്ന് രജിസ്റ്റേഡ് കത്ത് വഴി ഡി.ഡി.ഒ ആയ പ്രധാന അദ്ധ്യാപികയ്ക്കും, മാനേജർക്കും കത്ത് നൽകുകയും കത്ത് കൈപ്പറ്റിയതിനു ശേഷവും ചട്ടപ്രകാരമുള്ള ഉപജീവനബത്ത അനുവദിക്കുകയുണ്ടായില്ല. 180 ദിവസത്തിനു ശേഷവും അച്ചടക്ക നടപടി നീണ്ടു പോകുന്നതിൽ എന്റെ ഭാഗത്തു നിന്ന് യാതൊരു തരത്തിലുള്ള ഉപേക്ഷയോ, വീഴ്ചയോ ഉണ്ടായിട്ടില്ല. എന്നിട്ടും ചട്ടപ്രകാരമുള്ള ഉപജീവനബത്ത ഉയർത്തി നൽകാതെ വേല വിലക്ക് തുടങ്ങിയ 27.3.2017 തീയതിയിൽ അനുവദിച്ച 50%ത്തിൽ നിലനിർത്തി 712 ദിവസം വേലവിലക്ക് കാലം അച്ചടക്ക നടപടി പൂർത്തീകരിക്കാതെ നീട്ടികൊണ്ടു പോകുകയാണ് ചെയ്തത്.

ടി സാഹചര്യത്തിൽ നിവൃത്തികൾക്കായി അപേക്ഷകൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP © No.2751/2018 നമ്പരായി ഹർജി നൽകുകയും ടി ഹർജിയിലെ 17.9.2018 തീയതിയിലെ വിധിന്യായ പ്രകാരം കേരള സർക്കാർ പൊതുവിദ്യാഭ്യാസ (ബി) വകുപ്പ് സെക്രട്ടറിയുടെ 18.2.2019 തീയതി വെച്ചുള്ള ഉത്തരവ് പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി 8.3.2019 തീയതി എന്നെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുള്ളതാണ്.

8.3.2019 തീയതി സർവ്വീസിൽ തിരിച്ചെടുത്തതിനു ശേഷം അച്ചടക്ക നടപടി നേരിടുന്ന സമയത്ത് 29.4.2019 തീയതി 31.8.2019 മുതൽ പ്രാബല്യത്തിൽ വരത്തക്കം സ്വമേധയാ വിരമിക്കുന്നതിന് നോട്ടീസ് നൽകിയതു പ്രകാരമാണ് 27.5.2019 തീയതി വെച്ച് അച്ചടക്ക നടപടി ശിക്ഷാരഹിതമായി അവസാനിപ്പിച്ച് ഉത്തരവായിട്ടുള്ളത്.

കേരള സർവ്വീസ് റൂൾസ് ചട്ടം 55 പ്രകാരമാണ് വേലവിലക്കിലുള്ള ഉദ്യോഗസ്ഥന്റെ ഉപജീവന ബത്ത നൽകുന്നതുമായ കാര്യങ്ങളെ സംബന്ധിച്ച് വിവരിക്കുന്നത്. ചട്ടപ്രകാരം വേലവിലക്ക് കാലം 90 ദിവസം കഴിയുന്ന മുറയ്ക്ക് ഉപജീവന ബത്ത വേലവിലക്ക് നിലവിൽ വന്ന തീയതിയിലെ ശമ്പളത്തിന്റെ 75% ആയും വേലവിലക്ക് 180 ദിവസം കഴിയുന്ന മുറയ്ക്ക് ശമ്പളത്തിന്റെ 100% വും നൽകാൻ വ്യവസ്ഥ ഉള്ളതാണ്. ചട്ടപ്രകാരം അപേക്ഷ നൽകിയതിനുശേഷവും അർഹതപ്പെട്ട ഉപജീവന ബത്ത നൽകിയിട്ടില്ല. ടി ചട്ടപ്രകാരം നൽകുന്ന ഉപജീവന ബത്ത തിരിച്ചെടുക്കുന്നതിന് നിലവിൽ ചട്ടങ്ങൾ ഇല്ലാത്തതാണ്. ചട്ടപ്രകാരമുള്ള ഉപജീവനബത്ത ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നത് കണക്കിലാക്കിയും അച്ചടക്ക നടപടി ശിക്ഷാരഹിതമായി അവസാനിപ്പിച്ചത് പ്രകാരവും 27.3.3017 മുതൽ 8.3.2019 വരെയുള്ള മുഴുവൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് എനിക്ക് അർഹതയുള്ളതാണ്.

എന്നാൽ 31.5.2020 മുതൽ സ്വമേധയ വിരമിക്കുന്നതിന് നൽകിയ അപേക്ഷയെ തുടർന്ന് നടത്തിയ പ്രിലിമിനറി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 1.10.1997 മുതൽ 9.12.2019 വരെ

ആകെ 19 വർഷം 11 മാസം 18 ദിവസം മാത്രമാണ് ക്വാളിഫൈയിംഗ് സർവ്വീസ് ഉള്ളതെന്ന് കാണിച്ച് കത്ത് കിട്ടിയ അവസരത്തിലാണ് 27.3.2017 മുതൽ 8.3.2019 തീയതി വരെയുള്ള 712 ദിവസത്തെ വേലവിലക്ക് കാലം സർവ്വീസായി പരിഗണിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയത്. അതിനുശേഷമാണ് 30.12.2023 തീയതിവെച്ച് ടി കാലയളവിലെ മുഴുവൻ ശമ്പളവും ആനുകൂല്യവും അനുവദിച്ച് നൽകണമെന്ന് കാണിച്ച് അങ്ങയുടെ മുമ്പാകെ അപേക്ഷ നൽകിയിരിക്കുന്നത്. അപേക്ഷ പ്രകാരം 27.3.2017 മുതൽ 8.3.2019 വരെയുള്ള വേലവിലക്ക് കാലം ശിക്ഷയുടെ അഭാവത്തിൽ ഓൺ ഡ്യൂട്ടിയായി പരിഗണിച്ച് മുഴുവൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്ന് അപേക്ഷിക്കുന്നു.

3. **സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീ.രാജീവ്.പി.പി യെ ഗുരുതരമായ കൃത്യ വിലോപത്തിന്റെ പേരിൽ അച്ചടക്ക നടപടിയുടെ ഭാഗമായി വേലവിലക്ക് നൽകി കൊണ്ട് കെ.ഇ.ആർ അദ്ധ്യായം 14എ റൂൾ 67 പ്രകാരം 27.3.2017-ലെ 1/2017 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 7.4.2017-ലെ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ സി-963/2017 നമ്പർ ഉത്തരവു പ്രകാരം സസ്പെൻഷൻ 15 ദിവസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുവാദം ലഭിക്കുകയുണ്ടായി.

അതുകൊണ്ട് 10.4.2017-ൽ മാനേജരുടെ 2/2017 നമ്പർ ഉത്തരവു പ്രകാരം വേലവിലക്ക് 15 ദിവസത്തിലും കൂടുതൽ ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവും നൽകുകയുണ്ടായി. ഈ ഉത്തരവിനെതിരെ സമർപ്പിച്ച റിവ്യൂ ഹർജിയിൽ 15.6.2017-ൽ ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ താ.തീ.ബി4/2383/2017 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിൽ ശ്രീ.രാജീവ്.പി.പി യുടെ മാപ്പപേക്ഷ പരിഗണിച്ച് അദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുക്കാനും അച്ചടക്ക നടപടികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവിനെതിരെ 29.6.2017-ൽ മാനേജർ തിരുവനന്തപുരം പൊതു വിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ റിവിഷൻ ഹർജി ഫയൽ ചെയ്തു. ഈ റിവിഷൻ ഹർജിയിൽ തീരുമാനമാകാതെ നിലനിൽക്കുമ്പോൾ 7.7.2018-ൽ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീ.പി.പി രാജീവിനെ സേവനത്തിൽ തിരിച്ചെടുക്കുന്നതിന് സി-963/2017 നമ്പർ കത്ത് നൽകുകയുണ്ടായി.

അതുകൊണ്ട് പൊതുവിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൽ ഉത്തരവ് ലഭിക്കുന്നതിനുവേണ്ടി ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP (C)27513/2018 റിട്ട് ഹർജി ഫയൽ ചെയ്തു. ഈ റിട്ട് ഹർജിയിലെ 17.9.2018-ലെ വിധിന്യായം അനുസരിച്ച് 18.2.2019-ൽ സ.ഉ (സാധാ) നം.621/2019/പൊ.വി.വ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. തുടർന്ന് ശ്രീ.പി.പി രാജീവിനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് മാനേജർ 2.3.2019 Disp-1/2019 നമ്പർ ഉത്തരവ് നൽകുകയുണ്ടായി. ശ്രീ.രാജീവ് 8.3.2019-ന് സർവ്വീസിൽ തിരികെ പ്രവേശിച്ചു 10.4.2017-ന് കുറ്റാരോപണ പത്രികയും കുറ്റപത്രവും നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 14.3.2019-ൽ മാത്രമാണ് അദ്ദേഹം ഒരു വിശദീകരണം സമർപ്പിച്ചിട്ടുള്ളത്. തുടർന്ന് 29.4.2019-ന് അദ്ദേഹം 31.7.2019 മുതൽ സർവ്വീസിൽ നിന്ന് സ്വയം വിരമിക്കുന്നതിനുള്ള സമ്മതം അറിയിച്ചുകൊണ്ടുള്ള അപേക്ഷ നൽകി.

ശ്രീ.പി.പി രാജീവിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ ഗുരുതരമാണെങ്കിലും സർവ്വീസിൽ നിന്നും സ്വയം വിരമിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത പരിഗണിച്ച് ലഘുവായ ശിക്ഷ കെ.ഇ.ആർ അദ്ധ്യായം 14എ റൂൾ 65(1) പ്രകാരം ലഘുവായ ശിക്ഷ മാത്രമാണ് നൽകിയത്. 27.5.2019-ൽ മാനേജരുടെ Disp-1/2019(2) ഉത്തരവ് നൽകുകയും ചെയ്തു. ഈ ഉത്തരവിൽ

തന്നെ സർവ്വീസിൽ നിന്ന് പുറത്തു നിന്ന കാലഘട്ടം 27.3.2017 മുതൽ 8.3.2019 വരെ അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു.

27.3.2017 മുതൽ 8.3.2019 വരെയുള്ള അർഹതപ്പെട്ട 712 ദിവസം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിനുള്ള നടപടി ഡിപ്പാർട്ട്മെന്റ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതാണ്. ശ്രീ.രാജീവ് പി.പി പ്രസ്തുത കാലഘട്ടം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ളതായും അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ച് അവധി അനുവദിച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞു. ഇത്തരം നടപടികൾ എല്ലാം കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷമാണ് ഈ കാലഘട്ടം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന അപേക്ഷ നൽകിയതായി കാണുന്നത്. 31.7.2019-ൽ ജോലിയിൽ നിന്നും സ്വയം വിരമിക്കുവാനുള്ള അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലഘുവായ ശിക്ഷ നൽകാനിടയായത്.

ശ്രീ.രാജീവ് പി.പി വിദ്യാലയങ്ങളിൽ നിരന്തരം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും മുൻ കാലങ്ങളിൽ ചെയ്തു വന്നിരുന്ന പോലെ ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്യുന്നത് തുടരുകയായിരുന്നു. പലപ്പോഴും സ്വമേധയാ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് തീയതികൾ മാറ്റി മാറ്റി അദ്ദേഹം അപേക്ഷകൾ നൽകുകയുണ്ടായി. ഏറ്റവും ഒടുവിൽ 31.5.2020-ന് സ്വമേധയാ വിരമിക്കുന്നതിന് അപേക്ഷ നൽകിയ ശേഷം 1.6.2020 മുതൽ സ്കൂളിൽ ഹാജരാകാതിരിക്കുന്ന സാഹചര്യം ഉണ്ടായി. യഥാർത്ഥത്തിൽ 31.5.2020-ന് സ്വയം വിരമിക്കലിന് അദ്ദേഹം അർഹനാണ്. സാങ്കേതികമായ കാരണങ്ങളുന്നയിച്ചാണ് അദ്ദേഹത്തിന്റെ സ്വയം വിരമിക്കലപേക്ഷ അനുവദിക്കാൻ കഴിയില്ലെന്ന് 23.9.2020 -ന് തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുള്ളത്. 1.10.1997 മുതൽ 31.5.2020 വരെയുള്ള സേവനം കണക്കിലെടുക്കുമ്പോൾ 20 വർഷത്തിലേറെ സേവനദൈർഘ്യം ഉണ്ടെങ്കിലും 1.10.1997 മുതൽ 9.12.2019 വരെ ആകെ 19 വർഷം 11 മാസം 18 ദിവസം മാത്രമേ സേവനം വരുന്നുള്ളൂ എന്ന കാരണമാണ് സ്വയം വിരമിക്കലിനുള്ള അപേക്ഷ അനുവദിക്കാതിരിക്കാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ചത്. ഈ നടപടി നിയമവിരുദ്ധമാണ്. കെ.എസ്.ആർ പാർട്ട് III Rule 56 (IV) അനുസരിച്ച് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കാതെ ശ്രീ.രാജീവ് പി.പി 6.12.2021-ന് സ്കൂളിൽ ഹാജരാവുകയാണുണ്ടായത്. മാത്രമല്ല 1.6.2020 മുതൽ 6.12.2021 വരെ ശമ്പള രഹിത അവധി അനുവദിച്ച് സേവനം ക്രമീകരിക്കുന്നതിനാവശ്യപ്പെട്ടു കൊണ്ട് ബഹു.കോടതി മുമ്പാകെ WP © 12563/2022, WP (C_ 4370/2024 എന്നീ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയുമുണ്ടായി. ഈ റിട്ട് ഹർജികളിലെ ബഹു.കോടതിയുടെ 17.8.2023-ലെയും 24.7.2024ലെയും വിധിന്യായങ്ങളനുസരിച്ച് ശമ്പള രഹിത അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകാതെ അനധികൃത ഹാജരില്ലായ്മ ഭരണപരമായ അപാകതകൾ മൂലമാണ് എന്നും അതുകൊണ്ട് ഈ കാലഘട്ടത്തേക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്നുള്ള പുതിയ ആവശ്യം ഉന്നയിക്കുകയുമാണുണ്ടായത്. അതുകൊണ്ട് ഈ വിഷയത്തിൽ അദ്ദേഹത്തിനെതിരെ ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

അനധികൃത ഹാജരില്ലായ്മ ശമ്പള രഹിത അവധിയായി ക്രമീകരിക്കേണ്ടതുള്ളതു കൊണ്ട് സർക്കാർ ഉത്തരവ് ആവശ്യമണ്. 1 വർഷം 7 മാസം 5 ദിവസം ശമ്പള രഹിത അവധി അനുവദിക്കേണ്ടതാണ്. അനധികൃത ഹാജരില്ലായ്മയാണ് ഈ ദിവസങ്ങളിലേതെന്ന് ബഹു.കോടതിയുടെ വിധിന്യായങ്ങളിൽ വ്യക്തവുമാണ്. അതുകൊണ്ട് അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് അനിവാര്യവുമാണ്.

ശ്രീ.രാജീവ്.പി.പി, സത്യസന്ധമായും, കൃത്യനിഷ്ഠയോടെയും തന്നിലർപ്പിതമായ ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കുന്നതിൽ പൂർണ്ണ പരാജയമാണ്. അദ്ദേഹം ഇപ്പോൾ

ആവശ്യപ്പെട്ടിട്ടുള്ള 27.2.2017 മുതൽ 8.3.2019 വരെയുള്ള ശമ്പള രഹിത അവധി സർവ്വീസ് ആയി പരിഗണിച്ചുകൊണ്ട് ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന അപേക്ഷ നിയമാനുസൃതമല്ല. അതുകൊണ്ട് സർവ്വീസിൽ നിന്ന് പുറത്ത് നിന്ന കാലഘട്ടം ക്രമീകരിച്ച് ശമ്പള രഹിത അവധി അനുവദിച്ച നടപടി അംഗീകരിക്കുന്നതിന് അപേക്ഷിക്കുന്നു.

4. പ്രധാനാദ്ധ്യാപിക താഴെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ തൃത്താല ഉപജില്ലയിൽപെട്ട പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിൽ ശ്രീ. രാജീവ് പി.പി 1.10.1997-നാണ് ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുന്നത്. പാഠഭാഗങ്ങൾ ഒന്നും പഠിപ്പിക്കാതെ ക്ലാസ്സിൽ ഇംഗ്ലീഷിൽ എന്തൊക്കോയോ വിളിച്ചു പറയുന്നതിനാൽ ക്ലാസ്സ് വളരെ അലങ്കോലമാകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. ഓരോ ക്ലാസ്സും രണ്ട് ഡിവിഷനുകൾ ഉള്ള സമയത്ത് പരാതിയുമായി എത്തുന്ന രക്ഷിതാക്കളുടെ കുട്ടികളെ ക്ലാസ്സ് മാറ്റിയിരുത്തിയാണ് പ്രശ്നം പരിഹരിച്ചിരുന്നത്.

ക്ലാസ്സിനെക്കുറിച്ചുള്ള രക്ഷിതാക്കളുടെ പരാതിയിലും സ്കൂളിൽ അനധികൃതമായി ഹാജരാകാതെയിരുന്നതിന്റെയും അടിസ്ഥാനത്തിൽ ടിയാനെ 2017-ൽ മാർച്ച് 27 ന് പാടിഞ്ഞാർനാട് എ.ജെ.ബി സ്കൂൾ മാനേജർ സസ്പെന്റ് ചെയ്തു. 6.3.2019 തീയതിയിലെ പടിഞ്ഞാർനാട് സ്കൂൾ മാനേജരുടെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി ടിയാനെ ജോലിയിൽ 9.3.2019-ന് തിരിച്ചെടുത്തു. സസ്പെൻഷൻ കാലയളവിൽ ഇദ്ദേഹത്തിന് സബ്സിസ്റ്റൻസ് അലവൻസ് നൽകിയിട്ടുണ്ട്. 27.5.2019 തീയതിയിലെ Disp1/2019(2) എന്ന മാനേജരുടെ ഉത്തരവ് പ്രകാരം ശ്രീ. രാജീവ് പി.പി.യെ താക്കീത് ചെയ്ത് കൊണ്ട് അച്ചടക്കനടപടി അവസാനിപ്പിച്ചു. വേലവിലക്ക് മൂലം സർവ്വീസിന് പുറത്ത് നിന്ന 27.3.2017 മുതൽ 8.3.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിനും ഉത്തരവായി.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 29.5.2019-ന് ശ്രീ.രാജീവ് പി.പി വേലവിലക്ക് കാലമായ 27.3.2017 മുതൽ 8.3.2019 AN വരെയുള്ള 712 ദിവസം ക്രമീകരിക്കാൻ ശൂന്യവേതന അവധിക്കുള്ള അവധി അപേക്ഷ സമർപ്പിച്ചു. 30.5.2019-ന് പടിഞ്ഞാറനാട് സ്കൂൾ മാനേജരുടെ Disp1/2019(2) എന്ന ഉത്തരവിനെ അടിസ്ഥാനമാക്കി 3/2019 എന്ന ഉത്തരവ് പ്രകാരം പ്രധാന അദ്ധ്യാപിക 712 ദിവസത്തെ ശൂന്യവേതന അവധി അനുവദിച്ചുകൊണ്ട് വേലവിലക്ക് കാലയളവ് ക്രമീകരിച്ചു. 1.11.2016-ന് ആയിരുന്നു ഇദ്ദേഹത്തിന്റെ ഇൻക്രിമെന്റ്. അവധി അനുവദിച്ച് വേലവിലക്ക് കാലം ക്രമീകരിച്ചതിന് ശേഷം 14.10.2019-ന് അദ്ദേഹത്തിന് ഇൻക്രിമെന്റും നൽകി.

ഏകദേശം മൂന്നര വർഷത്തിന് ശേഷം 28.11.2023-ൽ താക്കീത് ഒരു ശിക്ഷയല്ലാത്തതിനാൽ വേല വിലക്കിൽ തുടരുന്ന കാലം സേവനകാലം (ഓൺ ഡ്യൂട്ടി) ആയി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് സെക്രട്ടറിക്ക് ഉചിത മാർഗ്ഗേന അപേക്ഷ നൽകി ഈ അപേക്ഷ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 15.12.2023-ന് സി/1320/2023 എന്ന കത്ത് പ്രകാരം നിരസിച്ചു. പീന്നീട് ഇദ്ദേഹം നേരിട്ട് ഗവൺമെന്റിലേക്ക് പരാതി കൊടുക്കുകയായിരുന്നു.

മാനേജർ താക്കീത് എന്ന ശിക്ഷ നൽകി അച്ചടക്ക നടപടി പൂർത്തിയാക്കുകയും ശ്രീ.രാജീവ് പി.പി 712 ദിവസത്തെ ശൂന്യവേതനാവധിക്ക് അപേക്ഷ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപിക ശൂന്യവേതനാവധി അനുവദിച്ച് വേലവിലക്ക് കാലം ക്രമീകരിക്കുകയും ചെയ്തതിന് ശേഷം ഏകദേശം മൂന്നര വർഷം കഴിഞ്ഞ് വേലവിലക്ക് കാലം സേവനകാലമായി പരിഗണിക്കണമെന്ന ആവശ്യത്തിന്റെ കാരണം വ്യക്തമാകുന്നില്ല എന്ന് സവിനയം ബോധിപ്പിക്കുന്നു.

5. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

തൃത്താല ഉപജില്ലയിലെ പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീ.രാജീവ്.പി.പി അനധികൃതമായി സ്കൂളിൽ ഹാജരാകാതിരിക്കുകയും, പ്രധാനാദ്ധ്യാപികയെ ചോദ്യം ചെയ്യുകയും, വിദ്യാർത്ഥികളെ പഠിപ്പിക്കാതിരിക്കുകയും ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാളെ 27.3.2017 മുതൽ മാനേജർ വേലവിലക്കിയിരുന്നു. തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണം നടത്തി വേലവിലക്ക് കാലം 15 ദിവസത്തിലധികം ദീർഘിപ്പിക്കുന്നതിന് 7.4.2017-ലെ ഉത്തരവ് പ്രകാരം അനുമതി നൽകി. തുടർന്ന് ശ്രീ.രാജീവ് പി.പി ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. ശ്രീ.രാജീവ് പി.പി സമർപ്പിച്ച മാപ്പ് അപേക്ഷയുടെയും മേലിൽ ഇത്തരം വീഴ്ചകൾ തന്റെ ഭാഗത്തുനിന്ന് ഉണ്ടാവില്ലെന്നും ഭാവി പ്രവർത്തനങ്ങളും, അദ്ധ്യാപകവൃത്തിയും കാര്യക്ഷമമായി നിർവ്വഹിക്കാമെന്നും എഴുതി നൽകിയ പ്രസ്താവനയുടെയും അടിസ്ഥാനത്തിൽ വേലവിലക്ക് പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാനും അച്ചടക്ക നടപടി 2 മാസത്തിനകം പൂർത്തീകരിക്കാനും മാനേജർക്ക് നിർദ്ദേശം നൽകി ജില്ല വിദ്യാഭ്യാസ ഓഫീസർ 15.6.2017-ലെ ഉത്തരവ് പ്രകാരം റിവ്യൂ ഹർജി തീർപ്പാക്കി. എന്നാൽ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഈ ഉത്തരവിനെതിരെ സർക്കാരിന് അപ്പീൽ നൽകിയിട്ടുണ്ടെന്നും ആയത് തീർപ്പാകുന്നതുവരെ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നടപ്പിലാക്കുവാൻ നിർവ്വാഹമില്ലായെന്നും മാനേജർ നിലപാടെടുത്തു. എന്നാൽ ഒരു വർഷത്തിനു ശേഷവും സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കാത്ത സാഹചര്യത്തിൽ ഇനിയും ശ്രീ.രാജീവ് പി.പിയ്ക്ക് വേലവിലക്കിൽ തുടരാൻ സാധിക്കില്ലായെന്നും ആയതിനാൽ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കണമെന്നും മാനേജരോട് ആവശ്യപ്പെട്ടു. തുടർന്ന് മാനേജർ ബഹു.ഹൈക്കോടതിയിൽ 27513/18 നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും 17.9.2018-ലെ വിധിന്യായ പ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുവാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും, 18.2.2019-ലെ സ.ഉ (സാധാ) നം.621/2019/പൊ.വി.വ നമ്പർ പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകി ഉത്തരവാകുകയും ചെയ്തു.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6.3.2019-ലെ Disp-1/2019 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ അച്ചടക്ക നടപടികൾക്ക് വിധേയമായി വേല വിലക്ക് നീക്കി സർവ്വീസിൽ തിരിച്ചെടുത്ത് മാനേജർ ഉത്തരവ് നൽകി. തുടർന്ന് 27.5.2019-ലെ Disp-1/2019 (2) നമ്പർ ഉത്തരവ് പ്രകാരം താക്കീത് ചെയ്തുകൊണ്ട് അച്ചടക്ക നടപടി അവസാനിപ്പിക്കുകയും 27.3.2017 മുതൽ 8.3.2019 വരെയുള്ള കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചും ഉത്തരവ് നൽകി. താക്കീത് ഒരു ശിക്ഷണ നടപടി അല്ല എന്നും ടി സാഹചര്യത്തിൽ വേലവിലക്ക് കാലയളവ് എല്ലാവിധ ആനുകൂല്യങ്ങളോടും കൂടി സേവനകാലമായി ക്രമവൽക്കരിക്കാൻ നിർദ്ദേശം നൽകണമെന്നും ഈ കാലയളവിലെ മുഴുവൻ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ട ഉത്തരവാകണമെന്ന് നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ച് 30.12.2023-ലെ കത്തിലൂടെ ടിയാൻ സർക്കാരിനോട് അപേക്ഷിച്ചു. പ്രസ്തുത ആവശ്യവുമായി ടിയാൻ ബഹു.ഹൈക്കോടതി മുമ്പാകെ 7146/2024 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും 26.2.2024-ലെ വിധിന്യായ പ്രകാരം ടിയാന്റെ അപേക്ഷയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ

സർക്കാരിനോട് നിർദ്ദേശിച്ച കൊണ്ട് ഹർജി തീർപ്പാക്കുകയാണ് ചെയ്തത്.

ജില്ല വിദ്യാഭ്യാസ ഓഫീസർ റിവ്യൂ ഹർജി തീർപ്പാക്കിയ 27.3.2017 മുതൽ 15.6.2017 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിക്കാവുന്നതും, റിവ്യൂ ഹർജി തീർപ്പാക്കി നൽകിയ ഉത്തരവ് മാനേജർ പാലിക്കാതിരുന്ന കാലയളവ് സർക്കാർ തീരുമാനത്തിനു വിധേയമായും നടപടി സ്വീകരിക്കാവുന്നതുമാണ്.

31.5.2020 മുതൽ സ്വമേധയാ സർവ്വീസിൽ നിന്നും പിരിയുന്നതിനായി 28.2.2020-ന് ശ്രീ.രാജീവ് പി.പി അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൽ പ്രിലിമിനറി വെരിഫിക്കേഷൻ നടത്തുന്നതിനായി അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിലേക്ക് അയച്ചു നൽകുകയും വെരിഫിക്കേഷൻ പൂർത്തിയാക്കി 17.8.2020 തീയതി വെച്ച് തിരികെ ലഭിക്കുകയും ചെയ്തു. ആയത് പ്രകാരം 1.10.1997 മുതൽ 9.12.2019 വരെ ആകെ 19 വർഷം 11 മാസം 18 ദിവസം എന്നിങ്ങനെയാണ് സർവ്വീസ് വെരിഫിക്കേഷൻ അനുവദിച്ചത്. മേൽ സാഹചര്യത്തിൽ സ്വയം വിരമിക്കലിന് ചുരുങ്ങിയത് 20 വർഷം സർവ്വീസ് വേണമെന്നതിനാൽ ടിയാളുടെ അപേക്ഷ തൃത്താല എ.ഇ.ഒ യുടെ കാര്യാലയത്തിൽ നിന്നും എ/827/2020/താതീ തീയതി 23.9.2020 കത്ത് പ്രകാരം തിരിച്ചു നൽകി. കോവിഡിനെ തുടർന്ന് സ്കൂളുകൾ തുറന്നു പ്രവർത്തിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അദ്ധ്യാപകർ എല്ലാവരും ഓൺലൈൻ ക്ലാസ്സെടുത്തപ്പോൾ ടിയാൻ മാത്രം അതിന് തയ്യാറായിട്ടില്ല എന്ന് പ്രധാനാദ്ധ്യാപിക റിപ്പോർട്ട് ചെയ്തു. ടിയാന്റെ സ്വമേധയാ വിരമിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച സാഹചര്യത്തിൽ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് മാനേജരോട് തൃത്താല എ.ഇ.ഒ-യുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകുകയും 7.12.2021-ന് ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 1.6.2020 മുതൽ 6.12.2021 വരെയുള്ള കാലയളവിൽ ടിയാൻ ജോലിയിൽ നിന്നും മന:പൂർവ്വം വിട്ടു നിന്നു എന്ന കാരണത്താൽ ടിയാന് ശമ്പളം അനുവദിച്ചു നൽകിയില്ല. തുടർന്ന് ടിയാൻ ബഹു.ഹൈക്കോടതിയിൽ 12563/2022 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തെങ്കിലും 17.8.2023-ലെ വിധിന്യായ പ്രകാരം പ്രസ്തുത കാലയളവ് ക്രമീകരിക്കുന്നതിന് മാനേജരോട് നിർദ്ദേശിച്ചുകൊണ്ട് ഹർജി തീർപ്പാക്കി. ആയത് പ്രകാരം ഈ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കാൻ മാനേജർ ഉത്തരവിട്ടു. ഇതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ 4370/2024 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും പുതിയ ഒരു അപേക്ഷ സമർപ്പിക്കുന്നതിനും ആയത് പരിഗണിച്ച് തീരുമാനമെടുക്കുന്നതിനും മാനേജരോട് നിർദ്ദേശിച്ചുകൊണ്ട് 24.7.2024-ന് ടി ഹർജിയും തീർപ്പാക്കി.

തുടർന്ന് 12.8.2024-ലെ Estt.No.1/2024 നമ്പർ ഉത്തരവ് പ്രകാരം 1.6.2020 മുതൽ 6.2.2021 വരെയുള്ള കാലഘട്ടം ശമ്പള രഹിത അവധി അനുവദിച്ച് ക്രമീകരിക്കുന്നതിന് മാനേജർ നിർദ്ദേശം നൽകി. കൂടാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിനാൽ കേരള സർവ്വീസ് ചട്ടങ്ങളിൽ അനുബന്ധം 12-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് അനുസരിച്ച് കെ.ഇ.ആർ അദ്ധ്യായം 14 എയിൽ ചട്ടം 65-ൽ വിവരിച്ചിരിക്കുന്നത് പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന് Estt.No.1/2024 (2) തീയതി 31.8.2024 പ്രകാരം മാനേജർ ഉത്തരവ് നൽകുകയും 7.9.2024-ന് ടിയാൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ആയതിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിന് 10.10.2024-ന് തൃത്താല എ.ഇ.ഒ യുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുമുണ്ട് എന്ന വിവരം തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എ.ഇ.ഒ യുടെ ഔപചാരിക അന്വേഷണം പൂർത്തിയായതിനു ശേഷം ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന

വസ്തുതകൾ ബോദ്ധ്യപ്പെടുന്നു:

പാലക്കാട്, പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീ.രാജീവ്.പി.പി അനധികൃതമായി സ്കൂളിൽ ഹാജരാകാതിരിക്കുകയും വിദ്യാർത്ഥികളെ പഠിപ്പിക്കാതിരിക്കുകയും ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെ 27.3.2017 മുതൽ മാനേജർ വേലവിലക്ക് ഏർപ്പെടുത്തിയിരുന്നു. തൃത്താല ഉപജില്ലവിദ്യാഭ്യാസ ഓഫീസറുടെ പ്രാഥമിക അന്വേഷണത്തെ തുടർന്ന് ടിയാനെ വേലവിലക്ക് പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാനും അച്ചടക്ക നടപടി 2 മാസത്തിനകം പൂർത്തീകരിക്കാനും മാനേജർക്ക് നിർദ്ദേശം നൽകി ജില്ല വിദ്യാഭ്യാസ ഓഫീസർ ഒറ്റപ്പാലം 15.6.2017-ലെ ഉത്തരവ് പ്രകാരം റിവ്യൂ ഹർജി തീർപ്പാക്കി. എന്നാൽ ടി ഉത്തരവിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും, അപ്പീൽ തീർപ്പാക്കാതിരുന്നതിനാൽ ബഹു.ഹൈക്കോടതിയിൽ WP © 27513/2018 ഫയൽ ചെയ്യുകയും ആയതിന്റെ വിധിന്യായ പ്രകാരം, ഹർജിക്കാരനെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ ഗൗരവ സ്വഭാവമുള്ളതല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക വിധേയമായി ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി GO (Rt) 621/2019/GEDN dated 18.2.2019 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6.3.2019-ലെ ഉത്തരവ് പ്രകാരം മാനേജർ ഹർജിക്കാരനെ അച്ചടക്ക നടപടികൾക്ക് വിധേയമായി വേലവിലക്ക് നീക്കി സർവ്വീസിൽ തിരിച്ചെടുക്കുകയും, 27.5.2019-ലെ ഉത്തരവ് പ്രകാരം താക്കീത് ചെയ്ത കൊണ്ടും 27.3.2017 മുതൽ 8.3.2019 വരെയുള്ള കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചും ഉത്തരവ് നൽകി. എന്നാൽ ഹർജിക്കാരൻ പ്രസ്തുത കാലഘട്ടം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അവധി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 712 ദിവസത്തെ ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് വേലവിലക്ക് കാലയളവ് ക്രമീകരിച്ച നൽകിയതെന്ന് പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. തുടർന്ന് മൂന്നര വർഷത്തിനു ശേഷം താക്കീത് ഒരു ശിക്ഷ അല്ലാത്തതിനാൽ വേലവിലക്കിൽ തുടരുന്ന കാലം ഓൺ ഡ്യൂട്ടി യായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ചെയ്തു.

31.5.2020 മുതൽ ഹർജിക്കാരൻ സ്വമേധയാ വിരമിക്കുന്നതിന് നൽകിയ അപേക്ഷയെ തുടർന്ന് നടത്തിയ പ്രിലിമിനറി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 1.10.1997 മുതൽ 9.12.2019 വരെ ആകെ 19 വർഷം 11 മാസം 18 ദിവസം മാത്രമാണ് qualifying service ഉള്ളതെന്ന് കാണിച്ച് കത്ത് തന്ന അവസരത്തിലാണ് 23.7.2017 മുതൽ8.3.2019 വരെയുള്ള 712 ദിവസത്തെ വേലവിലക്ക് കാലം സർവ്വീസ് ആയി പരിഗണിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയതെന്നും ആയതിനാൽ 27.3.2017 മുതൽ 8.3.2019 വരെയുള്ള വേലവിലക്ക് കാലം ശിക്ഷയുടെ അഭാവത്തിൽ ഓൺ ഡ്യൂട്ടിയായി പരിഗണിച്ച് മുഴുവൻ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ച് നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

27.3.2017 മുതൽ 8.3.2019 വരെയുള്ള വേലവിലക്കിൽ ഹർജിക്കാരന് ലഘു ശിക്ഷയായ താക്കീത് നൽകിയാണ് മാനേജർ അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ളത്. എന്നാൽ ടി കാലഘട്ടം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച കൊണ്ടുള്ള മാനേജരുടെ ഉത്തരവ് ക്രമരഹിതമാണ്. 27.3.2017 മുതൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിവ്യൂ ഹർജി തീർപ്പാക്കിയ 15.6.2017 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിക്കാവുന്നതാണെന്നും, റിവ്യൂ ഹർജി തീർപ്പാക്കി നൽകിയ ഉത്തരവ് മാനേജർ പാലിക്കാതിരുന്ന കാലയളവ് സർക്കാർ

തീരുമാനത്തിന് വിധേയമായും നടപടി സ്വീകരിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 56 ബി(7) പ്രകാരം സസ്പെൻഡ് ചെയ്യപ്പെടുന്ന ജീവനക്കാരൻ താത്പര്യപ്പെടുന്ന പക്ഷം മാത്രമേ സസ്പെൻഷൻ കാലയളവ് അവധിയായി ക്രമീകരിക്കാൻ കഴിയൂ എങ്കിലും 27.5.2019ലെ മാനേജരുടെ നടപടിക്രമം പ്രകാരം ശ്രീ.രാജീവിനെതിരായ അച്ചടക്ക നടപടി താക്കീത് നൽകി അവസാനിപ്പിക്കുകയും ടിയാന്റെ സസ്പെൻഷൻ കാലയളവ് അവധിയായി ക്രമീകരിക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ അവധി അപേക്ഷ സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇതിനെ ജീവനക്കാരൻ താത്പര്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണമായി പരിഗണിക്കാൻ കഴിയില്ല. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 56 ബി(3) പ്രകാരം സസ്പെൻഷൻ യാതൊരു കാരണവശാലും ന്യായീകരിക്കാവുന്നതായിരുന്നില്ല എന്ന് കരുതാവുന്ന സാഹചര്യങ്ങളിൽ അതായത് ജീവനക്കാരൻ പൂർണമായും കുറ്റവിമുക്തനാക്കപ്പെടുന്ന സാഹചര്യങ്ങളിൽ മാത്രമാണ് സസ്പെൻഷൻ കാലയളവ് മുഴുവൻ ശമ്പളവും അലവൻസുകളും സഹിതം എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കാൻ കഴിയുന്നത്. മാനേജരുടെ 27.5.2019ലെ നടപടിക്രമം പ്രകാരം ശ്രീ.പി.പി.രാജീവിന്റെ ഭാഗത്തു നിന്ന് ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും സേവനത്തിൽ നിന്നും സ്വമേധയാ പിരിയുന്നതിനുള്ള അദ്ദേഹത്തിന്റെ അപേക്ഷയും ദീർഘകാല സേവനവും പരിഗണിച്ചാണ് താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിച്ചത്. ആയത് ടിയാനെ പൂർണമായും കുറ്റവിമുക്തനാക്കിയതായോ, ടിയാന്റെ സസ്പെൻഷൻ യാതൊരു കാരണവശാലും ന്യായീകരിക്കാവുന്നതായിരുന്നില്ല എന്ന് പരിഗണിക്കാവുന്ന സാഹചര്യമായോ കണക്കാക്കാനാവില്ല. ശ്രീ.പി.പി.രാജീവിനെതിരായ അച്ചടക്ക നടപടി 'താക്കീത്' നൽകിയാണ് തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ ടിയാന്റെ 27-03-2017 മുതൽ 05-03-2019 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 06-03-2019 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 56 ബി(9)ന് ചുവടെയുള്ള കുറിപ്പ് 2 പ്രകാരം (കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 126 പ്രകാരം പ്രവേശനകാലം അനുവദനീയമല്ലാത്തതിനാൽ) ടിയാന് അർഹവും അനുവദനീയവുമായ അവധിയായി ക്രമീകരിക്കുവാൻ തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട്, പടിഞ്ഞാറനാട് എ.ജെ.ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.രാജീവ്.പി.പി സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പരിശോധനാ ഹർജി (Ext.P7) തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല.
മാനേജർ, എ.ജെ.ബി സ്കൂൾ, പടിഞ്ഞാറനാട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.ജെ.ബി സ്കൂൾ, പടിഞ്ഞാറനാട്, പാലക്കാട്.
ശ്രീ.രാജീവ്.പി.പി , ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
എ.ജെ.ബി സ്കൂൾ, പടിഞ്ഞാറനാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(13.12.2024 ലെ **E-2987491/EDN-A1/225/2024-FIN** നം അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 07-01-2025 16:24:46

സെക്ഷൻ ഓഫീസർ